(ബി) പ്രസ്തുത പാലം നിർമ്മാണത്തിന്റെ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

കരുവാറ്റക്കടവ് പാലം നിർമ്മാണത്തിന് 2009-ൽ സ്റ്റിമുലസ് പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകി. പാലം നിർമ്മിക്കുന്നതിനാവശ്യമായ സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സ്ഥലം 2013-ലാണ് free surrender ആയി സർക്കാരിലേയ്ക്ക് വിട്ടുനൽകിയത്. ഈ കാലയളവിനുള്ളിൽ ഭരണാനുമതി കാലഹരണപ്പെടുകയുണ്ടായി. സ്ഥലം ലഭ്യമായതിനുശേഷം ഇൻവെസ്റ്റിഗേഷൻ നടത്തി രൂപകൽപ്പന ചെയ്തതിനുശേഷം പ്രസ്തുത പ്രവൃത്തിക്കായി ലഭിച്ച നൂറുരൂപ ടോക്കൺ പ്രൊവിഷനിൽ ഉൾപ്പെടുന്ന 350 ലക്ഷം രൂപയുടെ പ്രൊപ്പോസൽ 13-07-2021-ന് നടന്ന അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കമ്മിറ്റി പരിശോധിക്കുകയും ധനവകുപ്പിന്റെ പരിഗണനയ്ക്ക് അയയ്ക്കാൻ നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരം തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

മുനമ്പത്തുകടവ് പാലം നിർമ്മാണം

89(699) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന്, ബേപ്പൂർ നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന പുല്ലിപ്പുഴയ്ക്കുകുറുകെയുള്ള മുനമ്പത്തുകടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

പ്രവൃത്തി സ്ഥലം സന്ദർശിച്ച് മണ്ണ് പര്യവേക്ഷണ എസ്റ്റിമേറ്റ് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കിവരുന്നു.

(ബി) പ്രസ്തുത പാലം നിർമ്മാണത്തിനായി ഡി.പി.ആർ. തയ്യാറാക്കി ആവശ്യമായ ഭരണാനുമതി വാങ്ങുന്നതിന് വകുപ്പ് തലത്തിൽ നിർദ്ദേശം നൽകാമോ?

മണ്ണ് പര്യവേക്ഷണം പൂർത്തീകരിച്ച് പ്രവൃത്തിക്കുള്ള സ്ഥലം ലഭ്യമായതിനുശേഷം ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

കോരംകുഴി പാലത്തിന്റെ നിർമ്മാണം

90(700) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള കോരംകുഴി പാലത്തിന് ഭരണാനുമതി വൈകുന്നതിന്റെ കാരണം വിശദീകരിക്കാമോ;

&

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പ്രവൃത്തിക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) കോരംകുഴി പാലം നിർമ്മാണം സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിൽ വന്നെങ്കിലും ബഡ്ജറ്റ് വിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ ഭരണാനുമതി നൽകാൻ കഴിഞ്ഞിട്ടില്ല. ബഡ്ജറ്റ് വിഹിതം ഉറപ്പുവരുത്തി പുതിയ പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

പുതുതായി നിർമ്മിച്ച പാലങ്ങൾ

91(701) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ പുതുതായി എത്ര പാലങ്ങൾ നിർമ്മിച്ച് ഗതാഗതത്തിനായി തുറന്നുകൊടുത്തിട്ടുണ്ടെന്നും ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിനുകീഴിൽ ദേശീയപാത വിഭാഗം, പാലങ്ങൾ വിഭാഗം, ആർ.ബി.ഡി.സി.കെ. എന്നിവയുടെ കീഴിൽ കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ പുതുതായി നിർമ്മിച്ച പാലങ്ങളുടെ ജില്ലതിരിച്ചുള്ള വിവരവും ഇതിനായി ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

മാവേലിക്കരയിൽ പുതിയ പാലങ്ങൾ

92(702) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ ചത്തിയറ, കൽക്കുളത്താൻ, ദൈവപ്പുരയ്ക്കൽ എന്നീ പാലങ്ങൾ നിർമ്മിക്കാൻ ബഡ്ജറ്റിൽ തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പാലങ്ങളുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് പാലങ്ങൾ വിഭാഗം സർക്കാരിന് സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly